ടൊറൻസ് സിസ്റ്റം വ്യാപകമാക്കാൻ നടപടി

86 (1648) ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റീ-സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) റീ-സർവ്വേയിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള പരാതി പരിഹാര അദാലത്തുകൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടക്കം കുറിച്ച ടൊറൻസ് സിസ്റ്റത്തെപ്പറ്റി ഈ ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) "ടൊറൻസ് സിസ്റ്റം" വ്യാപകമാക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായാൻ ഗവൺമെന്റ് സന്നദ്ധമാവുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ആകെ റീ-സർവ്വേ ചെയ്യേണ്ട 1604 വില്ലേജുകളിൽ 790 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. 670 വില്ലേജുകൾ റവന്യൂ ഭരണത്തിനു കൈമാറിയിട്ടുണ്ട്. ബാക്കി വില്ലേജുകൾ കൈമാറുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. 21-4-1997-ലെ സ.ഉ. (എം.എസ്.) 271/97 റവന്യൂ ഉത്തരവിലൂടെ പഴയ രീതിയിലുള്ള റീ-സർവ്വേ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയും ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ മാത്രം റീ-സർവ്വേ പുനരാരംഭിച്ചാൽ മതിയെന്ന് തീരുമാനിക്കുകയുമുണ്ടായി. ആധുനിക ഉപകരണങ്ങളുടെ സഹായത്താൽ തൃശ്ശൂർ ജില്ലയിൽ വിളപ്പായ വില്ലേജിന്റേയും ഇടുക്കി ജില്ലയിലെ കണ്ണൻ ദേവൻ വില്ലേജിൽ ടാറ്റാ ടീ എസ്റ്റേറ്റിന്റേയും റീസർവ്വേ പൂർത്തിയാക്കിയിട്ടുള്ളതായി റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ആധുനിക ഉപകരണങ്ങളുടെ സഹായത്താൽ തൃശ്ശൂർ ജില്ലയിലെ അവണൂർ വില്ലേജിന്റെ സർവ്വേ ജോലികൾ പുരോഗമിച്ചു വരുന്നു.

(സി) 1147469 അദാലത്തു പരാതികൾ ലഭിച്ചതിൽ, 1117074 പരാതികൾ തീർപ്പുകൽപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന പരാതികൾ അടിയന്തിരമായി തീർപ്പു കൽപ്പിക്കാനുള്ള നടപടികൾ നടന്നു വരുന്നു. ടൊറൻസ് സിസ്റ്റത്തെപ്പറ്റി ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള അതിരടയാള നിയമത്തിലെ സെക്ഷൻ 17 എ സബ് സെക്ഷൻ 1 ഇവയുടെ ഭേദഗതിയുടെ അടിസ്ഥാനത്തിലാണ് ടൊറൻസ് സമ്പ്രദായം നടപ്പാക്കിയത്. ഈ സമ്പ്രദായം നടപ്പാക്കിയ കോട്ടയം, അങ്കമാലി സബ് ഡിസ്ട്രിക്ടുകളുടെ പരിധിയിൽ വസ്തു കൈമാറ്റം രജിസ്റ്റർ ചെയ്യുന്നതിന് മുൻപായി ലൈസൻസുള്ള സർവ്വേയർ സ്ഥലം അളന്ന് പ്ലാൻ തയ്യാറാക്കി അപ്രൂവിംഗ് അതോറിട്ടിക്ക് സമർപ്പിച്ച് അംഗീകരിച്ചശേഷം പ്രമാണം രജിസ്റ്റർ ആക്കുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ഈ രീതി നടപ്പിലാക്കിയതിലൂടെ പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ചെലവ് ഗണ്യമായി ഉയർന്നുവെന്നും പൊതു ജനങ്ങൾക്ക് ഈ രീതിയിൽ രജിസ്റ്റർ ചെയ്യുന്നതിന് കൂടുതൽ വൈഷമ്യങ്ങൾ നേരിടുന്നു എന്നുള്ള പരാതികളുടെ അടിസ്ഥാനത്തിൽ ജി.ഒ. (ആർ.റ്റി.) നം. 696/97/ആർഡി സർക്കാർ ഉത്തരവു പ്രകാരം ഈ സമ്പ്രദായം നിർത്തൽ ചെയ്തു. ഇതിനെതിരെ ലൈസൻസുള്ള സർവ്വേയർമാർ ബഹു: ഹൈക്കോടതിയിൽ നൽകിയ ഹർജി സർക്കാർ തീരുമാനത്തിന് അനുകൂലമായി തീർപ്പാക്കിയിട്ടുള്ളതും ആയതിന്മേൽ ഇപ്പോൾ ഒരു അപ്പീൽ നിലനിൽക്കുന്നതുമാണ്.

(ഇ) ഈ പ്രശ്നത്തിന്മേൽ നടപടികൾ ബഹു.ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

സർവ്വേ വകുപ്പിൽ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി

87 (1649) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേ വകുപ്പിൽ ആകെ എത്ര തസ്തികകൾ ഉണ്ട് ; അതിൽ ഗസറ്റഡ്, നോൺ ഗസറ്റഡ് തസ്തികകൾ എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വകുപ്പിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ട്. ഗസറ്റഡ്, നോൺ ഗസറ്റഡ് തസ്തികകൾ എത്ര വീതം ; ഈ ഒഴിവുകൾ നികത്താത്തതിന് കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർവ്വേ വകുപ്പിൽ ആകെ 3791 തസ്തികകളുണ്ട്. ഗസറ്റഡ് തസ്തിക - 130 നോൺ ഗസറ്റഡ് - 3661.

(ബി) സർവ്വേ വകുപ്പിൽ 1688 ഒഴിവുകളുണ്ട്. ഗസറ്റഡ് തസ്തിക- 83, നോൺ ഗസറ്റഡ് തസ്തിക -1605, ഗസറ്റഡ് തസ്തികയിലെ ഒഴിവുകൾ നികത്താത്തതിന് പ്രധാന കാരണം ഉദ്യോഗക്കയറ്റത്തിന് ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാലാണ്. പ്രമോഷൻ തസ്തികകളല്ലാത്ത ഒഴിവുള്ള തസ്തികകൾ നികത്താൻ പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly